2021

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
റവന്യൂ കോംപ്ലക്സ് ,പബ്ലിക് ഓഫീസ് ബിൽഡിംഗ്
മ്യൂസിയം ജംഗ്ഷൻ ,തിരുവനന്തപുരം
മെയിൽ: lrcommissioner@gmail.com
ഫോൺ :0471-2322885

OFFICE OF THE SPECIAL TAHSILDAR (LA) NO. 3, KOCHI-682016, KOCHI METRO RAIL PROJECT 6/11/21

തീയതി:05-11-2021

LR/5169/2021-LR(C4)

8/11/2021

8.11.21

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

(ഹാജർ :കെ.ബിജു .ഐ .എ .എസ് .)

വിഷയം:- കൊച്ചി മെട്രോ റെയിൽ- വാട്ടർ മെട്രോ പദ്ധതി - ആർ&ആർ പാക്കേജ് അംഗീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:- എറണാകുളം ജില്ലാ കളക്ടറുടെ 27.10.21ലെ സി11-388/17 നമ്പർ റിപ്പോർട്ട്.

എറണാകുളം ജില്ലയിൽ, കണയന്നൂർ താലൂക്കിൽ വാട്ടർ മെട്രോ പദ്ധതിയ്ക്ക് വേണ്ടി ഏഴ് ബോട്ട് ടെർമിനലുകളുടെ നിർമ്മാണത്തിനായി 19.02.2020 ലെ ജി.ഒ (ആർ.റ്റി) 750/2020/ആർ.ഡി നമ്പർ പ്രകാരം ഭരണാനുമതി ഉത്തരവായിട്ടുള്ളതാണ്. ടി ഭൂമി ഏറ്റെടുപ്പിനെ സംബന്ധിച്ച സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയിട്ടുള്ളതും, അന്തിമ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുള്ളതുമാണ്. തുടർന്ന് 11(1) വിജ്ഞാപനം 31.07.2021 ലെ മംഗളം ദിനപത്രത്തിലും, 02.08.2021 ലെ കേരള കൗമുദി ദിന പത്രത്തിലും, 14.07.2021 ലെ 2070-ാം നമ്പർ അസാധാരണ ഗസറ്റിലും ,തിരുത്തൽ വിജ്ഞാപനം 07.08.2021 ലെ മംഗളം ദിനപത്രത്തിലും, 26.07.2021 ലെ 2198 നമ്പർ അസാധാരണ ഗസറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

എൽ.എ.ആർ &ആർ ആക്റ്റ് സെക്ഷൻ 43(1) പ്രകാരം ജി.ഒ(പി) 590/15/ആർ.ഡി ഉത്തരവ് പ്രകാരം എൽ.എ ഡെപ്യൂട്ടി കളക്ടറെ അതാത് ജില്ലയിലെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിച്ചിട്ടുള്ളതാണ്. ജി.ഒ(എം.എസ്) 448/17/ആർ.ഡി തീയതി 29.12.2017പ്രകാരമാണ് പാക്കേജ് തയ്യാറാക്കിയിട്ടുള്ളത്. ഇപ്രകാരം അഡ്മിനിസ്ട്രേറ്റർ തയ്യാറാക്കിയ കരട് പദ്ധതി നോട്ടീസ് 09.10.2021 ലെ കേരള കൗമുദി ദിനപത്രത്തിലും ബാധിക്കപ്പെട്ട പ്രദേശങ്ങളിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ആർ&ആർ പാക്കേജിനെ സംബന്ധിച്ച പൊതുവിചാരണ 25.10.2021-ന് മുളവ്കാട് വില്ലേജാഫീസിൽ വച്ച് നടത്തിയിട്ടുള്ളതാണ്.

ആർ.എഫ്.സി.റ്റി എൽ.എ.ആർ.ആർ. ആക്റ്റ് സെക്ഷൻ 44 പ്രകാരം 11.11.2015 ലെ ജി.ഒ(പി) 589/15/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം പുനരധിവാസത്തിനും പുന: സ്ഥാപനത്തിനുമുള്ള പാക്കേജ് അംഗീകരിക്കുന്ന കമ്മീഷണറായി ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. ജില്ലാ കളക്ടർ സമർപ്പിച്ച പാക്കേജിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള ആനുകൂല്യങ്ങൾ ജി.ഒ(എം.എസ്) 448/17/ആർ.ഡി തീയതി 29.12.2017 പ്രകാരമുള്ള ഘടകങ്ങൾ | ആകെ |
|---|---|---|---|
| 1. | ജോസി എന്ന് വിളിക്കുന്ന ശ്രീ.ജോസഫ് | 1,4,5,6,10 | 960000/- |
| 2. | ശ്രീ.യോഹന്നാൻ.കെ.ജി. | 1,4,5,6,10 | 960000/- |
| ആകെ (പത്തൊൻപത് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) | | | 1920,000/- |

ജില്ലാ കളക്ടർ സമർപ്പിച്ച പാക്കേജ് വിശദമായി പരിശോധിച്ച് ഭൂമി ഏറ്റെടുക്കു മ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് പുനരധിവാസ പാക്കേജ് നൽകേണ്ടതാണ്. ഈ സാഹചര്യത്തിൽ ജില്ലാ കളക്ടർ സമർപ്പിച്ച പാക്കേജ് അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

പുനരധിവാസ പാക്കേജിനെ സംബന്ധിച്ച തുടർനടപടികൾ അഡ്മിനിസ്ട്രേറ്റർ കൈക്കൊള്ളേണ്ടതും, നടപടി വിവരം ഈ കാര്യാലയത്തിൽഅറിയിയ്ക്കേണ്ടതുമാണ്.

എൽ.എ ആർ.ആർ ആക്ട് 2013 സെക്ഷൻ 1 8 പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അംഗീകരിക്കപ്പെട്ട സ്കീം പഞ്ചായത്ത്, മുനിസിപ്പാലിറ്റി മുനിസിപ്പൽ കേർപ്പറേഷനുകളിലും ജില്ലാ കളക്ടർ, സബ് ഡിവിഷൻ മജിസ്ട്രേറ്റ്, തഹസിൽദാർ എന്നിവരുടെ ഓഫീസുകളിൽ പ്രാദേശിക ഭാഷയിൽ ലഭ്യമാക്കു ന്നതിനും ബാധിക്കപ്പെട്ട പ്രദേശങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും ചട്ടം 21(6) പ്രകാരം പദ്ധതി പ്രദേശത്ത് പ്രചാരത്തിലിരിക്കുന്ന ഏതെങ്കിലും മലയാളം പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

BIJU K IAS, COMMISSIONER CLR, O/o Commissioner CLR

പകർപ്പ് -ജില്ലാ കളക്ടർ,എറണാകുളം

ഇത് കമ്പ്യൂട്ടർ ജനറേറ്റുചെയ്ത പ്രമാണമാകയാൽ മാനുവൽ ഒപ്പ് ആവിശ്യമില്ല
ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.